# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1725 31.01.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിൽ വരുന്ന കെട്ടിടങ്ങളിൽ 2017 ജൂലൈ 31-)o തീയതി വരെയുള്ള കൂട്ടിച്ചേർക്കലുകൾ പരിശോധിച്ച് സാധുത നൽകാൻ തീരുമാനിച്ചിട്ടുള്ളത് വ്യാപകമായ അഴിമതിയ്ക്ക് കാരണമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഈ നിയമ ഭേദഗതികളുടെ മറവിൽ പല അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും നിയമവിധേയമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്നാവശ്യപ്പെട്ട് 2017 ൽ പൊതുജനങ്ങളിൽ നിന്നും എത്ര പരാതികൾ തിരുവനന്തപുരം കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ഡി) | 800-ൽപ്പരം പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിൽ ശ്രീമതി എ.സൗദാബീവി, TC40/1707(1), മണക്കാട് പി.ഒ., തിരുവനന്തപുരം എന്നയാളുടെ പരാതി ലഭിച്ചിട്ടുണ്ടോ; | (ഇ) | തിരുവനന്തപുരം നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാ-മെന്ന് വ്യക്തമാക്കുമോ? | (എഫ്) | ശ്രീമതി എ.സൗദാബീവിയുടെ പരാതിയെ തുടർന്ന് അയൽവാസിയായ ശ്രീ.മൻസൂർ സേട്ട് എന്ന വ്യക്തി അതിർത്തി മതിലിനോട് ചേർത്ത് നടത്തിയ അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകുകയും തുടർന്ന് ടി നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br>താൽക്കാലിക ഉത്തരവ് പാലിക്കാത്തതിനാൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തുടർനടപടികൾ കൈക്കൊള്ളുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ